# 6

# കൊലൊസ്യർക്കു വേണ്ടിയുള്ള പൗലൊസിന്റെ വേല

## കൊലൊസ്യർ 1:24- 29

എതിർപ്പിന്റേയും ഉപദ്രവത്തിന്റേയും മദ്ധ്യത്തിലായിരുന്നു പൗലൊസ് ക്രിസ്തുവിനുവേണ്ടിയുള്ള ശുശ്രൂഷ നടത്തിയത്. ദൈവത്തിന്റെ കഴിഞ്ഞ കാല മർമ്മം വെളിപ്പെടുത്തി എന്നതായിരുന്നു അവന്റെ സന്ദേശം: ക്രിസ്തു അവരിൽ ഇരിക്കുന്നതിനാൽ ജാതികൾക്ക് മഹത്വത്തിന്റെ പ്രത്യാശയുണ്ട്. എല്ലാ വ്യക്തികളെയും അവനിൽ പക്വതയിലെത്തിക്കുക എന്നതായിരുന്നു പൗലൊസിന്റെ വേലയുടെ ഉദ്ദേശം.

### അവന്റെ സന്തോഷം: അവർക്ക് വേണ്ടി കഷ്ടം ഏൽക്കുക (1:24)

**24 ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന്നു വേണ്ടി പൂരിപ്പിക്കുന്നു.**

**"ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടങ്ങളിൽ സന്തോഷിക്കുന്നു"** (1:24)

പൗലൊസ് എഴുതി, **ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിക്കുന്നു**. തന്റെ സാക്ഷിയായി തീരുവാൻ അവൻ കഷ്ടമേൽക്കേണ്ടി വരുമെന്ന് യേശു മുന്നറിയിച്ചിരുന്നു (പ്രവൃ. 9:16). കഷ്ടത സുഖകരമല്ല. ഗർഭസമയത്ത് ഒരമ്മയുടെ വേദന കഠിനമായിരിക്കും, എന്നാൽ തന്റെ കുഞ്ഞ് ലോകത്തിലേക്ക് പിറന്നു വീണിരിക്കുന്നു എന്നറിയുമ്പോൾ അവൾ സന്തോഷിക്കുന്നു (യോഹ. 16:21). കഷ്ടത ആസ്വദിക്കുവാൻ പൗലൊസിനു കഴിഞ്ഞിരുന്നില്ല, പക്ഷെ കൊലൊസ്യർക്ക് അതുമൂലം ലഭിക്കുന്ന ഉപകാരത്തെ കുറിച്ച് ഓർത്തപ്പോൾ, അവനു സന്തോഷിക്കുവാൻ കഴിഞ്ഞു. താൻ അവർക്കു വേണ്ടി യാഗമായി തീരേണ്ടിവന്നാലും സന്തോഷിക്കുമെന്ന് അവൻ ഫിലിപ്പിയർക്ക് ലേഖനം എഴുതിയപ്പോൾ പറഞ്ഞു (ഫിലി. 2:17). കഷ്ടതയിൽ സന്തോഷിക്കുവാനാണ് തന്റെ ശിഷ്യന്മാരിൽനിന്ന് യേശു പ്രതീക്ഷിച്ചത് (മത്താ. 5:10–12; പ്രവൃ. 5:41; 16:25; യാക്കൊ. 1:2 നോക്കുക). ക്രൂശിലെ മരണത്തോട് യേശുവിന്റെ മനോഭാവവും ഇതായിരുന്നു (എബ്രാ. 12:2).

ഏതു വിധത്തിലായിരുന്നു പൗലൊസ് കൊലൊസ്യർക്ക് വേണ്ടി കഷ്ടത അനുഭവിച്ചത്? അവൻ അത് വിശദമാക്കിയില്ല. പൗലൊസ് സഹിച്ച ഉപദ്രവങ്ങളെ കുറിച്ചുള്ള വിവരങ്ങൾ അവരുടെ ചെവിയിലെത്തിയിരിക്കാം. അവൻ അനുഭവിച്ച കഷ്ടത അവനെ ക്രിസ്തുവിനായുള്ള ഒരു അദ്ധ്യക്ഷൻ എന്ന നിലയിൽ സ്ഥിരീകരിച്ചിരിക്കാം. പലപ്പോഴും അവന്റെ കൂട്ടാളികൾ അവനെ

പോലെ കഷ്ടത അനുഭവിച്ചതായി കാണുന്നില്ല, അത് ഒരുപക്ഷെ അവർ അവനെ പോലെ സുവിശേഷം പ്രസംഗിക്കാതിരുന്നിട്ടാകാം (പ്രവൃ. 14:19, 20). സഹോദരങ്ങളുടെ മദ്ധ്യേ ഒരു അപ്പൊസ്തലനും അദ്ധ്യക്ഷനും ആയി കഷ്ടത ഏറ്റത് അവർ അവനെ ക്രിസ്തുവിന്റെ വാസ്തവത്തിലുള്ള പ്രതിനിധിയായും അപ്പൊസ്തോലിക അധികാരമുള്ളവനായും തിരിച്ചറിയുവാനായിരിക്കാം. കൂടാതെ, കഠിനമായ എതിർപ്പ് നേരിട്ടാലും യേശുവിനോട് സത്യസന്ധരായിരിക്കണമെന്ന മാതൃകയും അവൻ നൽകുകയാണ്.

വിശ്വാസ നായകൻ എന്ന നിലയിൽ പല കണ്ണുകളും പൗലൊസിന്മേലായിരുന്നു, അവൻ അത് തിരിച്ചറിയണമായിരുന്നു. വിശ്വാസം മുറുകെ പിടിക്കുകയും സഹിക്കുകയും ചെയ്തുകൊണ്ട്, അവനോട് കേട്ട് പഠിച്ചവർക്കും മറ്റുള്ളവർക്കും അവൻ സുവിശേഷത്തിനു വേണ്ടി അനുഭവിച്ചത്, ഒരു മാതൃകയാണ്. മറ്റുള്ളവർക്ക് ഏതു വിഷമ സന്ധിയിലും ക്രിസ്തുവിൽ ഉറച്ച് നിൽപാനും ധൈര്യപ്പെടുവാനും ശക്തിപ്പെടുവാനും ക്രിസ്ത്യാനികളെ ഉത്തേജിപ്പിക്കുന്നതായിരുന്നു അവന്റെ നല്ല മാതൃക. വില്യം ഹെൻഡ്രിക്സൺ പറഞ്ഞു, "പ്രതിസന്ധികളിൽ അവൻ സഹിച്ചതെല്ലാം കൊലൊസ്യരെ മാത്രമല്ല, വാസ്തവത്തിൽ എല്ലായിടത്തുമുള്ള വിശ്വാസികളെ വിശ്വാസത്തിൽ നിലനിൽക്കുവാൻ ശക്തിപ്പെടുത്തുന്നതല്ലേ?"[1]

തുടർച്ചയായി നേരിട്ട അപകടകരമായ അവസ്ഥകൾ മറ്റുള്ളവർക്കും ഉണ്ടാകുമ്പോൾ, അവരും അങ്ങനെ അതിനെ അതിജീവിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. താൻ തടവിൽ ബന്ധിക്കപ്പെട്ടിരുന്നുവെങ്കിലും, അവന്റെ സ്ഥിരോൽസാഹം ഫിലിപ്പിയർക്ക് പ്രയോജനകരമായി തീരും എന്നു പൗലൊസ് തിരിച്ചറിഞ്ഞിരുന്നു. അവൻ എഴുതിയത് "സഹോദരന്മാരേ, എനിക്ക് ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി തീർന്നു" എന്നും "അവർ ധൈര്യം പൂണ്ട് ദൈവത്തിന്റെ വചനം ഭയം കൂടാതെ സംസാരിക്കുവാൻ തുനിയുകയും ചെയ്തു എന്ന് നിങ്ങൾ അറിവാൻ ഞാൻ ഇഛിക്കുന്നു" (ഫിലി. 1:12, 14).

### "കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു" (1:24)

തന്റെ കഷ്ടത നിമിത്തം പൗലൊസിനു ഇങ്ങനെ പറയുവാൻ കഴിഞ്ഞു, **കഷ്ടതയുടെ കുറവ് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു**. അവൻ കഷ്ടത ഏറ്റത് കൊലൊസ്യർക്കു വേണ്ടി മാത്രമായിരുന്നില്ല, മൊത്തം ശരീരത്തിനു വേണ്ടിയായിരുന്നു. ക്രിസ്തുവിനോടുള്ള അവന്റെ സമർപ്പണവും, ക്രിസ്തുവിനെ സേവിക്കുന്നതും നിമിത്തമായിരുന്നു മറ്റുള്ളവർ അവനെ കഷ്ടപ്പെടുത്തിയത്, അല്ലാതെ അവന്റെ ജീവിതശൈലി നിമിത്തമായിരുന്നില്ല.

അവൻ "ജഡത്തിൽ" (*എൻ ടെ സാർകി മൗ*), എന്നു പറഞ്ഞപ്പോൾ, പൗലൊസ് അർത്ഥമാക്കിയത്, തന്റെ ഭൗതികശരീരത്തിലെ ആന്തരിക വ്യക്തിയെയാണ് (2 കൊ. 4:16; 5:1, 4). നോസ്റ്റിക്സുകാർ പിന്നീട് പഠിപ്പിച്ചതുപോലെ, പാപസ്വഭാവമുള്ള അവസ്ഥയെ സൂചിപ്പിച്ചുകൊണ്ടല്ല, ജഡത്തിൽ എന്നു പറഞ്ഞത്.

ക്രിസ്ത്യാനിയാകുന്നതിനുമുൻപ് പൗലൊസിനെ മറ്റാരും അവമാനിച്ചിരുന്നില്ല. എങ്ങനെയായാലും, യേശുവിന്റെ പിൻഗാമിയായതുമുതൽ, ഉപദ്രവം

അവനെ തുടർച്ചയായി പിന്തുടർന്നത് അവനു സഹിക്കേണ്ടി വന്നു. തന്റെ പാപം നിമിത്തമായിരുന്നില്ല അവൻ കഷ്ടമേൽക്കുവാൻ കാരണം. പ്രയാസങ്ങൾ അവനെ ദൈവസഹായത്തിൽ കൂടുതൽ ആശ്രയിക്കുന്നതിനും, യേശുവിന്റെ ശരീരമാകുന്ന സഭയുടെ പ്രയോജനത്തിനുമായിരുന്നു. മറ്റാർക്കും കഴിയാത്ത വിധത്തിൽ റോമാ സാമ്രാജ്യത്തിൽ മിക്കവാറും എല്ലായിടത്തും സുവിശേഷം വ്യാപിപ്പിക്കുവാനും സഭ വളരുവാനും അവൻ മുഖാന്തരം ഇടയായി. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നുവെങ്കിലും, അവന്റെ പരിശ്രമഫലമായി അവൻ പോയ സ്ഥലങ്ങളിലെല്ലാം സഭ ആത്മികവർദ്ധന പ്രാപിക്കുകയുണ്ടായി. ക്രിസ്തുവിന്റെ ശരീരത്തിനുവേണ്ടിയുള്ള അവന്റെ പ്രവൃത്തികൾ ഇടവകകൾ ലോകം മുഴുവൻ ആരംഭിക്കുന്നതിനും വളർത്തുന്നതിനുമായിരുന്നു. ഇതിനു പുറമെ, അവൻ കഷ്ടം സഹിച്ചത് അധികവും സഭകളെ കുറിച്ചുള്ള കരുതൽ നിമിത്തമായിരുന്നു (2 കൊ. 11:28).

അവനു ലഭിച്ചതായ ഉപദ്രവങ്ങൾ ചിലപ്പോൾ അവന്റെ ആത്മാവിനു തീവ്രമായ വേദന ഉളവാക്കിയിട്ടുണ്ട്. തന്റെ ജീവൻ പോകുമോ എന്നു ഭയപ്പെടത്തക്കവണ്ണം പൗലൊസിനു ഉപദ്രവങ്ങൾ നേരിട്ടിട്ടുണ്ട് (2 കൊ. 1:8, 9; 6:4, 5; 11:23-27). പൗലൊസിന് നേരിട്ട എതിർപ്പുകളും ക്രൂരമായ പെരുമാറ്റങ്ങളും നിമിത്തം അനുഭവിക്കേണ്ടി വന്ന ആന്തരിക പിരിമുറുക്കവും സംഘർഷവും ക്രിസ്ത്യാനികൾ ഒരിക്കലും അറിയുന്നില്ല. അവനു നേരിടുവാനുള്ള കഷ്ടങ്ങളെ കുറിച്ച് ഭയപ്പെടാതിരിപ്പാൻ യേശു അവനെ മുന്നറിയിച്ചിരുന്നു (പ്രവൃ. 9:16; 18:9, 10; 1 കൊ. 2:1-3).

സുവിശേഷം വ്യാപിപ്പിക്കുന്നതിനാൽ, നേരിട്ട കഷ്ടങ്ങൾ, ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവുള്ളതു പൂരിപ്പിക്കുവാനും, മറ്റുള്ളവർക്ക് അത് നേരിടുമ്പോൾ സഹിക്കുവാനുമായി പ്രബോധിപ്പിച്ചിരിക്കുകയാണ്; ക്രിസ്തുവിന്റെ അനുയായികൾക്ക് അവസാനം വരെ കഷ്ടങ്ങൾ സഹിക്കേണ്ടിവരും. ഒരർത്ഥത്തിൽ, യേശു പുറപ്പെട്ട് പോയശേഷം, യേശു എവിടെ വിട്ടിട്ട് പോയോ, അവിടെനിന്നാണ് പൗലൊസ് ആരംഭിച്ചത്. യേശുവിന്റെ മാതൃക പിൻപറ്റി പൗലൊസ് കഷ്ടതകൾ സഹിക്കുകയായിരുന്നു (1 പത്രൊ. 2:21).

### "ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവുള്ളത് പൂരിപ്പിക്കുന്നു" (1:24)

"പൂരിപ്പിക്കുക" എന്നത് തർജിമ ചെയ്തിരിക്കുന്ന വാക്ക് (*അന്റാനാപ്ലേരു*) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്. **കുറവുള്ളതു പൂരിപ്പിക്കുന്നു** എന്നു പറയുമ്പോൾ, ലോകം മുഴുവൻ സുവിശേഷം വ്യാപിപ്പിക്കുന്നത് പൗലൊസ് മാത്രമാണെന്ന് ധരിക്കരുത്. തന്റെ പരിശ്രമത്താൽ അവന്റെ പങ്ക് വഹിക്കുന്നു എന്നാണ് അർത്ഥമാക്കിയത്.

**അഫ്ളിക്ഷൻസ്** (*ത്‌ലിപ്സെയിസ്*), എന്ന വാക്ക് "കഷ്ടങ്ങൾ" (*പാതേമാറ്റാ*) എന്നതിനേക്കാൾ വ്യത്യസ്തമായ അർത്ഥത്തിലാണ് കാണുന്നത്. "കഷ്ടതകൾ" എന്നത് സാധാരണ ദുർവിനിയോഗത്താൽ അനുഭവിക്കുന്ന വേദനയെയാണ് പറയുന്നത്, അത് ക്രിസ്തുവിന്റെ ക്രൂശിനെയാണ് പറയുന്നത് (2 കൊ. 1:5; എബ്രാ. 2:9, 10). "അഫ്ളിക്ഷൻസ്" എന്ന വാക്കിനെ കുറിച്ച് എച്ച്. സി. ജി. മൗൾ എഴുതി,

> ക്രൂശീകരണത്തെ കുറിച്ച് സങ്കീർത്തനങ്ങളിൽ പറയുന്നുണ്ടെങ്കിലും,

> കർത്താവിന്റെ അനുഗ്രഹീതമായ അനുഗ്രഹങ്ങളെ കുറിച്ച് [പുതിയ നിയമത്തിൽ] മറ്റൊരിടത്തും കാണുന്നില്ല [സങ്കീ. 22 (LXX 21)] .അതിനെ സാധാരണ *മരണത്തിന്റെ* വേദനയായിട്ടല്ല പറയുന്നത്, മറിച്ച് അദ്ധ്വാനത്തിന്റേയും ഉപദ്രവത്തിന്റേയും വേദനയായിട്ടാണ്, പൊതുവിൽ പരീക്ഷണ [ഭാരത്തിന്റെ] വേദനയായി പറയാം.[2]

താഴെയുള്ള വാക്യങ്ങളിൽ, പൗലൊസ് തന്റെ ശുശ്രൂഷയെ കുറിച്ച് ചർച്ച ചെയ്തു, താൻ പറഞ്ഞ "അഫ്ളിക്ഷൻസ്" എന്ന വാക്കിന്റെ ഉൾക്കാഴ്ച്ച നൽകുന്നു. തന്റെ വേലയുടെ ഫലമായി അവൻ കഷ്ടതകളും പ്രയാസങ്ങളും സഹിച്ചു (2 കൊ. 1:4–8; 2:4; 4:8, 17; 7:4, 5; ഫിലി. 4:14; 1 തെസ്സ. 3:4, 7). അവൻ അത് 2 കൊരിന്ത്യർ 11:23–30 ൽ കുറച്ചുകൂടെ വിശദമാക്കിയിട്ടുണ്ട്. ക്രിസ്ത്യാനികൾ സഹിക്കേണ്ട കഷ്ടതകളെ കുറിച്ചും അവൻ എഴുതിയിരിക്കുന്നു (2 കൊ. 1:4; 8:2, 13; 2 തെസ്സ. 1:4, 6, 7).

ക്രിസ്തുവിന്റെ "കഷ്ടതകൾ" (ബഹുവചനം) എന്ന് അവൻ പറഞ്ഞപ്പോൾ, ക്രൂശിലെ വേദനയേക്കാളുപരിയായ വേദനയാണ് പൗലൊസ് അർത്ഥമാക്കിയത്. ക്രിസ്തു ക്രൂശിൽ അനുഭവിച്ച വേദനയുടെ ഉദ്ദേശത്തിൽനിന്നു വ്യത്യസ്തമായിരുന്നു പൗലൊസിന്റേത്. യേശു തന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയത്ത് അനുഭവിച്ചതായ അദ്ധ്വാനവും, ലജ്ജയും, ഭാരവും, എതിർപ്പും, അവജ്ഞയും സഹിച്ചതിനെയാണ് പൗലൊസ് അർത്ഥമാക്കിയത് (എബ്രാ. 12:3, 4). അത്തരം വിചാരണകളെയും എതിർപ്പുകളെയും സുവിശേഷം അറിയിക്കുന്നവർക്ക് സഹിക്കേണ്ടി വരും. അവൻ യേശുവിനെ സേവിച്ചപ്പോൾ, പൗലൊസ് എഴുതി, "ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നു" (2 കൊ. 1:5). "യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു" എന്നാണ് പൗലൊസ് പറഞ്ഞത് (2 കൊ. 4:10), പിന്നെ "യേശുവിന്റെ ചൂടടയാളവും" (ഗലാ. 6:17). "അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ" അനുഭവിക്കേണം എന്നും പറയുന്നു (ഫിലി. 3:10).

അവന്റെ വചനം ഘോഷിക്കുന്നവർക്ക് അനുഭവിക്കുവാനിരിക്കുന്നതിന്റെ ആരംഭമായിരുന്നു യേശു അനുഭവിച്ച കഷ്ടതകൾ. അവൻ സ്വർഗാരോഹണം ചെയ്തശേഷം, ആ കഷ്ടതകൾ അവന്റെ അനുയായികളിൽ തുടർന്നുകൊണ്ടിരിക്കുന്നു. സുവിശേഷ പ്രഖ്യാപനത്തിന് അവൻ ഭൂമിയിലായിരുന്നുവെങ്കിൽ, കൂടുതൽ എതിർപ്പുകളും ഉപദ്രവങ്ങളും അവനു സഹിക്കേണ്ടി വരുമായിരുന്നു. പകരം, അവൻ തുടങ്ങിയതു പൂർത്തിയാക്കുവാനും, അവന്റെ വേല തുടരുവാനും അവന്റെ അനുയായികളാണ് അവമാനം സഹിക്കേണ്ടത്. സുവിശേഷം പ്രസംഗിക്കുന്ന കാലത്തോളം എതിർപ്പ് തുടർന്നുകൊണ്ടിരിക്കും.

> ആ വിധത്തിൽ, പൗലൊസ് ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ അപ്പോഴും കുറവായത് പൂരിപ്പിക്കുകയാണ് ചെയ്തത്. അവൻ അത് ചെയ്തത് വാക്കുകളിൽ മാത്രമായിരുന്നില്ല, പിന്നെയോ, ജഡത്തിൽ, അതായത്, അവൻ തന്റെ ഭൗതികമായ ശരീരത്തെ ഉപയോഗിച്ചു. അതിനർത്ഥം, ക്രിസ്തു "കഷ്ടതകളിൽ" കൂടെ കടന്നുപോയതുപോലെ, അവൻ ക്രിസ്തുവിനു വേണ്ടി, "കഷ്ടതകൾ" സഹിക്കുവാൻ തിരഞ്ഞെടുത്തു എന്നാണ്; അത്തരം പ്രയാസങ്ങൾ അനുവദിച്ചാൽ സുവിശേഷഘോഷണം കൊലൊസ്യരിലും, മറ്റു സമൂഹങ്ങളിലും,

ലോകം മുഴുവനും ഫലവത്തായി തീരും.[3]

"ക്രിസ്തുവിന്റെ കഷ്ടതകളിൽ കുറവായത് പൂരിപ്പിക്കുന്നു" എന്നു പൗലൊസ് പറഞ്ഞതിനാൽ, യേശുവിന്റെ മരണം ഒരു കുറവുള്ള യാഗമായിരുന്നു എന്നോ അതിനു പോരായ്മ ഉണ്ടായിരുന്നു എന്നോ അല്ല അവൻ അർത്ഥമാക്കിയത്. യേശു തന്റെ മരണത്താൽ നിരപ്പ് സാധ്യമാക്കി എന്നാണ് പൗലൊസ് പറഞ്ഞത് (വാ. 20–22), ക്രിസ്ത്യാനികൾ അവനിൽ പൂർണ്ണരാണെന്നും അവൻ പറഞ്ഞു (2:10). യേശുവിന്റെ ഏക യാഗം അവനെ തികവുള്ളവനും, മതിയായവനും "പൂർണ്ണനുമാക്കി" (എബ്രാ. 5:8, 9). ലോകത്തിന്റെ മുഴുവൻ പാപവും നീക്കുവാൻ അവൻ പ്രാപ്തനായി (1 യോഹ. 2:2). അത് അവന്റെ ഏകയാഗത്താലായിരുന്നു (എബ്രാ. 7:27; 9:26–28; 10:10–14). മനുഷ്യവർഗത്തിന്റെ രക്ഷക്ക് ആവശ്യമായതെല്ലാം അവൻ പൂർത്തിയാക്കി.

## മർമ്മം അവർക്ക്<br>വെളിപ്പെടുത്തി (1:25-27)

**[25]നിങ്ങൾക്ക് വേണ്ടി ദൈവം എനിക്കു നൽകിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചന ഘോഷണം നിവർത്തിക്കേണ്ടതിന്നു ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു. [26]അത് പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും, ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്ക് വെളിപ്പെട്ടിരിക്കുന്നു. [27]അവരോട് ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന് ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതു തന്നെ.**

**"ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു" (1:25)**

തന്നെ **സഭയുടെ ഒരു ശുശ്രൂഷകനാക്കി**യതായിട്ടാണ് (*ഡയാക്കോണോസ്*, "ഇടനിലക്കാരൻ, ഏജന്റ്, വാർത്താവാഹകൻ")[4] പൗലൊസ് പറയുന്നത്. "സഭ" എന്ന വാക്ക് ഗ്രീക്ക് വേദപുസ്തകത്തിലെ വാക്യം 25 ൽ കാണുന്നില്ല, പക്ഷെ അത് അന്തർലീനമായിരിക്കുന്നു. ഇവിടെ പൗലൊസ് തന്നെ ഒരു ഡീക്കൺ എന്ന അർത്ഥത്തിലല്ല ശുശ്രൂഷകൻ എന്നു പറഞ്ഞിരിക്കുന്നത്; മറിച്ച് അവൻ ക്രിസ്തു നൽകിയ ഉദ്യോഗമായ യേശുവിന്റെ ദാസനാണ് എന്നാണ് പറഞ്ഞത്. അവൻ സഭയുടെ ശുശ്രൂഷകൻ മാത്രമായിരുന്നില്ല, സുവിശേഷത്തിന്റെ ദാസൻ അല്ലെങ്കിൽ "ശുശ്രൂഷകൻ" കൂടെ ആയിരുന്നു (വാ. 23).

യേശു ദമസ്ക്കൊസിലേക്കുള്ള വഴിയിൽ പൗലൊസിനു പ്രത്യക്ഷനായപ്പോൾ, അവനെ ഒരു "ശുശ്രൂഷകൻ" (*ഹുപെറെടെസ്*; പ്രവൃ. 26:16) ആക്കും എന്നു അവനോട് പറഞ്ഞിരുന്നു. അതേ വാക്ക് യേശുവിനു വേണ്ടിയുള്ള പൗലൊസിന്റെ സേവനത്തിന് 1 കൊരിന്ത്യർ 4:1 ൽ ഉപയോഗിച്ചിരിക്കുന്നു. അതുപോലെ, മർക്കൊസിനെ കുറിച്ചു പറയുവാനും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (പ്രവൃ. 13:5); സഹായികളെയും, ഭൃത്യന്മാരെയും (ലൂക്കൊ. 1:2; 4:20); ഉദ്യോഗസ്ഥന്മാരെയും ആ വാക്ക് ഉപയോഗിച്ച് പറഞ്ഞിരിക്കുന്നു (മത്താ. 5:25; 26:58; യോഹ. 7:32; 18:3).

ഈ വേദഭാഗത്ത് പറയുന്നത്, പൗലൊസ് ക്രിസ്തുവിനെ മാത്രമല്ല സേവിച്ചത്, സഭയെയും സേവിച്ചു എന്നാണ്. എങ്ങനെയായാലും, സഭയുടെ ആവ

ശ്യങ്ങൾക്കായി സേവിക്കുന്നത്, യേശുവിനെ സേവിക്കുന്നതു തന്നെയാണ്. ക്രിസ്ത്യാനികൾ തങ്ങളുടെ സഹക്രിസ്ത്യാനികളിൽനിന്നും അകന്നു ഒറ്റക്കാകുമ്പോൾ, അവർ ശരിയായി ക്രിസ്തുവിനെ സേവിക്കുന്നില്ല. യേശു പറഞ്ഞു, "രാജാവ് അവരോട്, എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു" (മത്താ. 25:40).

**"ദൈവം നൽകിയ ഉദ്യോഗപ്രകാരം" (1:25)**

പിതാവും പുത്രനും പരസ്പരപൂരകമായിട്ടാണ് പ്രവർത്തിക്കുന്നത്. യേശു ഇവിടെ ഉപയോഗിച്ചത് **ഗൃഹവിചാരകത്വം** (*ഓയിക്കോണോമിയ*) എന്ന ആശയമാണ്. മറ്റൊരാളെ സേവിക്കുന്ന ഉത്തരവാദിത്വമുള്ള സ്ഥാനം, അനീതിയുള്ള ഒരു കാര്യവിചാരകന്റെ ഉപമയിൽ, അവന്റെ നിരുത്തരവാദിത്തം നിമിത്തം ജോലി നഷ്ടപ്പെടുവാനിരിക്കുന്നു എന്നു പറയുന്നു (ലൂക്കൊ. 16:1–4, 8). അതിന്റെ മൂലവാക്ക്, *ഓയിക്കോണോമിയ* തർജിമ ചെയ്തിരിക്കുന്നത്, "കാര്യവിചാരകൻ" എന്നാണ് (ലൂക്കൊ. 12:42; 1 കൊ. 9:17; എഫെ. 3:2; തിത്തൊ. 1:7; 1 പത്രൊ. 4:10); "ഭണ്ഡാരവിചാരകൻ" (റോമ. 16:23); "ഗൃഹവിചാരകന്മാർ" (ഗലാ. 4:2); "ആജ്ഞാപിക്കൽ" (എഫെ. 1:10; 1 തിമൊ. 1:4).

സുവിശേഷം വ്യാപിപ്പിക്കുവാൻ പൗലൊസിനെ യേശു ചുമതലപ്പെടുത്തി. ആ ഉത്തരവാദിത്വം നടപ്പാക്കുവാൻ തന്റെ ജീവിതവും, സമയവും, സമ്പാദ്യങ്ങളും, കഴിവുകളും എല്ലാം യേശുവിന്റേതാണെന്നുകരുതിയതിനാൽ അവയെല്ലാം യേശുവിനെ സേവിക്കുവാനായി ഉപയോഗിക്കണമെന്നും പൗലൊസ് വിചാരിച്ചു. യേശുവിനുള്ളതെല്ലാം കാര്യവിചാരണ നടത്തണമെന്നുള്ള കാഴ്ച്ചപ്പാടിലായിരുന്നുഅവൻ. അക്കാരണത്താൽ, തന്നിൽ ഭരമേൽപിച്ചതെല്ലാം ശ്രദ്ധയോടെ ഉപയോഗിക്കുവാൻ തീരുമാനിച്ചിരുന്നു (1 കൊ. 4:1, 2). അവൻ മനുഷ്യരെയല്ല, ദൈവത്തെയാണ് പ്രസാദിപ്പിക്കുവാൻ ശ്രമിച്ചത് (ഗലാ. 1:10–12), താൻ യേശുവിന്നു കണക്കു കൊടുക്കേണ്ടവനാണ് എന്നും അവൻ തിരിച്ചറിഞ്ഞിരുന്നു (2 കൊ. 5:10).

**"നിങ്ങൾക്ക് വേണ്ടി ദൈവം എനിക്കു നൽകിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിന്നു ഞാൻ ശുശ്രൂഷകനായിരിക്കുന്നു" (1:25)**

പൗലൊസ് തന്റെ കാര്യവിചാരകത്വം തനിക്കു വേണ്ടിയല്ല ആരംഭിച്ചത്. ദൈവേഷ്ടത്താലാണ് യേശു അവന് അത് നൽകിയത്.[5] അവന്റെ കാര്യവിചാരണയിൽ ആദ്യം യെഹൂദന്മാരും (റോമ. 1:16; പ്രവൃ. 13:14 –16; 14:1; 17:1), പിന്നെ ജാതികളും ഉൾപ്പെട്ടിരുന്നു (റോമ. 11:13; ഗലാ. 2:8, 9). പൗലൊസ് അവർക്കിടയിൽ പ്രത്യേകമായി പ്രവർത്തിച്ചില്ലെങ്കിലും, കൊലൊസ്യരും ഉൾപ്പെട്ടിരുന്നു.

താൻ കണ്ടുമുട്ടുന്ന ഏതൊരാളോടും ക്രിസ്തുവിന്റെ സന്ദേശം മുഴുവനായി അറിയിക്കുക എന്നതായിരുന്നു പൗലൊസിന്റെ കാര്യവിചാരണയുടെ ഉദ്ദേശം. അവൻ അത് ഉൽസാഹത്തോടെ ചെയ്ത് വന്നു. എഫെസ്യമൂപ്പന്മാരോട് അവൻ പറഞ്ഞു, "... പ്രയോജനമുള്ളതൊന്നും ഞാൻ നിങ്ങളോട് മറെച്ചുവെച്ചില്ല"; "ദൈവത്തിന്റെ ആലോചന മുഴുവനായും നിങ്ങളോട് അറിയിച്ചു കഴിഞ്ഞു" (പ്രവൃ. 20:20, 27).

കൊലൊസ്യ ലേഖനത്തിൽ ഇവിടെ മാത്രമാണ് **ദൈവ വചനം** എന്ന

വാക്ക് ഉപയോഗിച്ചത്. മറ്റു പ്രയോഗങ്ങൾ ഉപയോഗിച്ചതിൽ, “സുവിശേഷം എന്ന സത്യ വചനം” (1:5), “ക്രിസ്തുവിന്റെ വചനം” (3:16), “വചനം” (4:3). പിതാവിൽനിന്നു തനിക്ക് ലഭിച്ച വചനമാണ് യേശു വെളിപ്പെടുത്തിയത് (യോഹ. 12:49, 50; 17:8), പരിശുദ്ധാത്മാവിനാൽ അത് പുതിയനിയമ എഴുത്തുകാർക്ക് നൽകി (യോഹ. 14:26; 16:13–15; എഫെ. 3:3–5).

ദൈവത്തിന്റെ വചനം ഘോഷിക്കുക എന്നതായിരുന്നു പൗലൊസിന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, അത് തിമൊഥെയൊസിനെ അവൻ പ്രബോധിപ്പിക്കുന്നതിൽനിന്നു മനസിലാക്കാം (2 തിമൊ. 4:2). അവൻ പ്രസംഗിച്ചതും ഉപദേശിച്ചതും “ദൈവത്തിന്റെ വചനം” ആയിരുന്നു.[6]

**“അതു പൂർവ്വകാലങ്ങൾക്കും**
**തലമുറകൾക്കും മറഞ്ഞു കിടന്ന മർമ്മം” (1:26)**

**മർമ്മം** (*മസ്റ്റെരിയോൺ*) വെളിപ്പെടുത്തുന്നതുവരെ മനസിലാക്കുവാൻ കഴിയാത്ത രഹസ്യമായ ഒരു സത്യം എന്നർത്ഥം. ജെ. ബി. ലൈറ്റ്ഫുട്ട് പറഞ്ഞു, “... ആ വാക്ക് സൂചിപ്പിക്കുന്നത്, ‘ഒരിക്കൽ മറെച്ചു വെച്ച സത്യം ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നതായിട്ടാണ്’ ‘പ്രത്യേകമായി വെളിപ്പെടുത്താതെ അറിയപ്പെടാതിരുന്ന ഒരു സത്യം.’ ”[7] അത് കണ്ടുപിടിക്കുവാൻ പറ്റാത്തതെന്നോ അല്ലെങ്കിൽ രഹസ്യമായിത്തന്നെ ഇരിക്കുന്നതെന്നോ അർത്ഥമാക്കുന്നില്ല. പുതിയനിയമത്തിൽ വെളിപ്പെടുത്തുന്നതുവരെ പഴയനിയമത്തിലെ ചില പ്രവചനങ്ങൾ മനസിലാക്കുവാൻ പറ്റാതെ രഹസ്യമായി അഥവാ മറെഞ്ഞു തന്നെയാണ് കിടന്നിരുന്നത് (2 കൊ. 3:14).

രാജ്യത്തിന്റെ മർമ്മം വെളിപ്പെടുത്തിയത് പുരുഷാരത്തോടായിരുന്നില്ല, പിന്നെയോ നിങ്ങൾക്കാണ് എന്ന് ശിഷ്യന്മാരോട് യേശു പറഞ്ഞു (മത്താ. 13:11). യേശു മുഖാന്തരമുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയെ കുറിച്ചും അനുഗ്രഹങ്ങളെ കുറിച്ചും പറയുമ്പോൾ പൗലൊസ് ഇതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു.[8] ഒരേ ശരീരത്തിൽ ദൈവം യെഹൂദന്മാരെയും ജാതികളെയും ഒരുമിച്ചു സ്വീകരിക്കുമെന്നതായിരുന്നു മർമ്മത്തിലെ മുഖ്യഭാഗം (എഫെ. 3:3, 6).

യേശു വരുന്നതിനു മുൻപ് ക്രിസ്തുവിനെ കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങൾ **പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറെച്ചു വെച്ചിരുന്നു**. ദൈവം തന്റെ സമയത്ത് അതിന്റെ അർത്ഥം വെളിപ്പെടുത്തുവാൻ തീരുമാനിച്ചു. പൗലൊസ് അത് എഫെസ്യർ 3:3–5 ൽ പറഞ്ഞിരിക്കുന്നു. അവിടെ, അവൻ പറഞ്ഞത്, താൻ എഴുതിയത്, “മുൻകാലങ്ങളിൽ” മർമ്മമായിരുന്നുവവെങ്കിലും അതു വായിച്ചാൽ മനസിലാകും എന്നാണ്.

പഴയനിയമ പ്രവചനങ്ങൾ കൂടുതൽ മനസിലാക്കുവാൻ വെളിപ്പെടുത്തൽ ആവശ്യമായിരുന്നു എന്നതിനുദാഹരണമാണ്, ഐത്യോപ്യൻ രാജ്ഞിയുടെ കാര്യവിചാരകൻ. ഫിലിപ്പോസ് അവനോട് യേശുവിനെ കുറിച്ചു പറയുന്നതുവരെ യെശയ്യാവ് 53 ന്റെ അർത്ഥം എന്താണെന്ന് അവനു മനസിലായിരുന്നില്ല (പ്രവൃ. 8:30–39).

യേശുവിനെ കുറിച്ചും അവന്റെ വരവിനെ കുറിച്ചുമുള്ള പ്രവചനങ്ങൾ ലോക ചരിത്രം ആരംഭിക്കുമ്പോൾ തന്നെ തുടങ്ങിയിരുന്നു. യേശു വരുന്നതിനു 1,500 വർഷങ്ങൾക്ക് മുൻപു, ന്യായപ്രമാണത്തെ ചുറ്റിപ്പറ്റി അവനെ കുറിച്ചുള്ള പ്രസ്താവനകൾ ധാരാളം നടത്തിയിരുന്നു. യേശു തന്റെ ജീവിതത്താലും, ഉപദേശത്താലും ആ പ്രവചനങ്ങളെ ഒന്നിച്ച് ഒരു ചിത്രമാക്കുന്നതു

വരെ അവ മനസിലാക്കുവാൻ ആർക്കും കഴിഞ്ഞിരുന്നില്ല (ലൂക്കൊ. 24:44). വാസ്തവത്തിൽ, ദൈവത്തിന്റെ രക്ഷാപദ്ധതിയിലെ അവന്റെ പങ്ക് എന്താണെന്നത് മുൻകഴിഞ്ഞ തലമുറകൾക്ക് മർമ്മമായിരുന്നു.

### "ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്ക് വെളിപ്പെട്ടിരിക്കുന്നു" (1:26)

മുൻകഴിഞ്ഞ കാലങ്ങളിൽ മർമ്മമായി വെച്ചിരുന്നു, ഇപ്പോൾ അത് വെളിപ്പെടുത്തിയിരിക്കുന്നു. തന്റെ കാലക്രമമനുസരിച്ചാണ് ദൈവം അത് വെളിപ്പെടുത്തിയത് (ഗലാ. 4:4) . ഇപ്പോൾ അത് മനസിലാക്കാവുന്ന സത്യമാണ്.

മറെച്ചു വെച്ച മർമ്മം യേശു തന്നെയാണ് എന്നതാണ് സുവിശേഷത്തിന്റെ അന്തസത്ത (1 തിമൊ. 3:16; എഫെ. 3:4-6). അവന്റെ വരവ് യിസ്രായേലിനെ അനുഗ്രഹിക്കുവാൻ മാത്രമായിരുന്നില്ല, ജാതികളടക്കം എല്ലാ ആളുകളേയും അനുഗ്രഹിക്കുവാനായിരുന്നു. ഈ സത്യം പഴയനിയമത്തിലെ അനേകം പ്രസ്താവനകളിൽ സൂചിപ്പിച്ചിരുന്നു.[9]

പുതിയ നിയമത്തിൽ, മർമ്മം വിശുദ്ധന്മാർക്ക് വെളിപ്പെടുത്തിയിരിക്കുകയാണ്. സുവിശേഷം വെളിപ്പെടുത്തുന്ന സത്യം കൊലൊസ്യർക്ക് മാത്രമല്ല വെളിപ്പെടുത്തിയത്, ഇപ്പോൾ ലോകമെങ്ങും ആ സത്യം പ്രസംഗിക്കുവാൻ കഴിയുന്നു (മർ. 16:15). മർമ്മം മനസിലാക്കുവാൻ വരുന്നവരാണ് ദൈവത്തിന്റെ വിശുദ്ധന്മാർ. വ്യക്തിപരമായി അവർക്ക് ആ മർമ്മം നേരിട്ടല്ല വെളിപ്പെടുത്തുന്നത്. പരിശുദ്ധാത്മാവിനാൽ, ആ മർമ്മം അവന്റെ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കുമാണ് വെളിപ്പെടുത്തിയത് (എഫെ. 3:3-5). അവർ, ആ സത്യം മറ്റുള്ളവരോട് വെളിപ്പെടുത്തി പരിശുദ്ധാത്മാവിന്റെ സഹായത്താൽ ആളുകളെ പഠിപ്പിക്കുകയും ചെയ്തു (1 കൊ. 2:9-13).

ചിലർ 1 കൊരിന്ത്യർ 2:14, 15 എടുത്ത്, ഇന്ന് പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ ദൈവവചനം മനസിലാക്കുവാൻ കഴിയുകയില്ല എന്നു പറയുന്നുണ്ട്. അ-ക്രൈസ്തവരായ ആളുകൾക്ക് ദൈവവചനം മനസിലാക്കുവാൻ കഴിയുകയില്ലെന്ന് പൗലൊസ് പറഞ്ഞില്ല. "പ്രാകൃത മനുഷ്യൻ" ആത്മിക കാര്യങ്ങൾ സ്വീകരിക്കുന്നില്ല കാരണം അത് അവനു ഭോഷത്വമത്രെ. മറിച്ച്, അവൻ എഴുതി, ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യെഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും (1 കൊ. 1:18, 23).

നഷ്ടപ്പെട്ടവർക്ക് ദൈവവചനം മനസിലാക്കുവാൻ കഴിയുകയില്ലെങ്കിൽ, പിന്നെ അവർ വചനം പ്രസംഗിക്കുന്നത് കേൾക്കുന്നതിൽ അർത്ഥമില്ലല്ലൊ. നഷ്ടപ്പെട്ടവർക്ക് രക്ഷക്കുള്ള ഏക ഉറവിടം സുവിശേഷമാണ് (എഫെ. 1:13), ആ സന്ദേശം അവരോട് പ്രസംഗിക്കുക *തന്നെ* വേണം (പ്രവൃ. 11:14; റോമ. 1:16). എങ്ങനെയായാലും, നഷ്ടപ്പെട്ട എല്ലാവരും സുവിശേഷം സ്വീകരിക്കുകയില്ല കാരണം പലർക്കും ആത്മിക കാര്യങ്ങളിൽ താൽപര്യമില്ല (മത്താ. 7:13, 14).

### "അവരോട് ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്ന് അറിയിപ്പാൻ ദൈവത്തിന് ഇഷ്ടമായി" (1:27)

**ജാതികൾ** (*എത്നേ*, എന്ന വാക്കിൽനിന്നാണ് ഇംഗ്ലീഷ് വാക്ക് "എത്നി

ക്" വന്നത്) അർത്ഥം, "ആളുകൾ," "ജാതികൾ." യിസ്രായേലിനെയായിരുന്നു ദൈവത്തിന്റെ വാസ്തവത്തിലുള്ള ജനമായി കണക്കാക്കിയിരുന്നത്. ഭൂമിയിലെ ശേഷമുള്ള ജനങ്ങളെ "ജാതികൾ" എന്നാണ് അറിയപ്പെട്ടിരുന്നത്-അതായത്, ദൈവജനമല്ലാത്തവരെല്ലാം ജാതികളായിരുന്നു (ലേവ്യ. 26:45; യെഹെ. 5:8). ഒരിക്കൽ ജാതികളെയും ദൈവത്തിന്റെ രക്ഷാപദ്ധതിപ്രകാരം ദൈവജനമാക്കും എന്നതായിരുന്നു യിസ്രായേലിന്നു മനസിലാക്കുവാൻ കഴിയാതിരുന്ന മർമ്മം. അവർക്ക് ഇപ്പോൾ തങ്ങളുടെ കണ്ണുകൾ കുരുടായിട്ടില്ലെങ്കിൽ തിരുവെഴുത്തുകൾ വായിച്ചാൽ ഗ്രഹിക്കാം (2 കൊ. 3:14 നോക്കുക). അവന്റെ സന്തതി മുഖാന്തരം അവന്റെ പിൻഗാമികൾ മാത്രമല്ല, സകല ദേശക്കാരും അനുഗ്രഹിക്കപ്പെടുമെന്ന് അബ്രഹാമിനോട് ദൈവം വാഗ്ദാനം ചെയ്തിരുന്നു (ഉല്. 12:3; 22:18). യിസ്രായേൽ ദേശം മുഖാന്തരം ജനങ്ങൾക്കിടയിൽ ദൈവത്തിനു പുകഴ്ച്ച ലഭിക്കും (സങ്കീ. 18:49; 117:1).

**മഹിമാ ധനം** എന്നു പൗലൊസ് അസംഖ്യം പ്രാവശ്യം പറഞ്ഞിരിക്കുന്നു (റോമ. 9:23; ഫിലി. 4:19). ക്രിസ്ത്യാനികൾക്ക് നൽകുന്ന അനുഗ്രഹങ്ങളെയാണ് പൗലൊസ് "ധനം" എന്നു വിശേഷിപ്പിച്ചത് (റോമ. 2:4; എഫെ. 1:7).

### "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതാണ് അത്" (1:27)

അടുത്ത പ്രയോഗത്തിൽ പൗലൊസ് പറഞ്ഞ മർമ്മത്തിന്റെ മഹിമാ ധനം വിവരിക്കുന്നു: **മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു.** ക്രിസ്തു അവരിൽ ഇരിക്കുന്നു എന്നതായിരുന്നു കൊലൊസ്യരുടെ മഹത്വത്തിന്റെ പ്രത്യാശ. ക്രിസ്തു വസിക്കുന്നു എന്ന ആശയം പുതിയനിയമത്തിൽ മറ്റു ഭാഗങ്ങളിലും കാണുന്നു (യോഹ. 17:23; റോമ. 8:10; 2 കൊ. 13:5; ഗലാ. 2:20; 4:19). തന്റെ വചനത്തെ സ്നേഹിച്ച് അനുസരിക്കുന്നവരിൽ താനും പിതാവും വസിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തിരുന്നു (യോഹ. 14:23). വിശ്വാസം മൂലമാണ് ക്രിസ്തു ക്രിസ്ത്യാനികൾക്കുള്ളിൽ വസിക്കുന്നത് (എഫെ. 3:17). പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ആത്മാവാണ്, ആ ഏജന്റു മുഖാന്തരമാണ് യേശു പ്രവർത്തിക്കുന്നത് (1 പത്രൊ. 1:11), കൂടാതെ അവൻ മുഖാന്തരമാണ് ക്രിസ്തു ക്രിസ്ത്യാനികളിൽ വസിക്കുന്നത് (റോമ. 8:9,11;1 കൊ. 3:16; 6:19; എഫെ. 2:22; 2 തിമൊ. 1:14). ആത്മാവിനെ ഒരു അച്ചാരമായിട്ടാണ് നൽകിയിരിക്കുന്നത്, സ്വർഗിയ അവകാശത്തിന്റെ ഉറപ്പായിട്ടാണ് (2 കൊ. 1:21, 22; എഫെ. 1:13, 14).

ക്രിസ്തു "നിങ്ങളിൽ" എന്നതിലെ "ഇൽ" ബഹുവചനത്തെ ആണ് കാണിക്കുന്നത്. യേശു തന്റെ ആളുകളിൽ സംഘമായും വ്യക്തികളായും വസിക്കുന്നു. "മഹത്വം" എന്നു പൗലൊസ് പറഞ്ഞത് കൊലൊസ്യർക്ക് ലഭിക്കുന്ന പ്രതിഫലമാണ്. സ്വർഗത്തിൽ വസിപ്പാനാണ് ക്രിസ്ത്യാനികൾ നോക്കി പാർത്തിരിക്കുന്നത് (2 കൊ. 5:1; 1 പത്രൊ. 1:3, 4).

## അവർക്കായുള്ള അവന്റെ ലക്ഷ്യം: ക്രിസ്തുവിലുള്ള പൂർണ്ണത (1:28, 29)

**[28]അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനേയും ക്രിസ്തു**

**വിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു ഏതു മനുഷ്യനേയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. [29]"അതിന്നായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അദ്ധ്വാനിക്കുന്നു".**

**"അവനെ ഞങ്ങൾ അറിയിക്കുന്നു" (1:28)**

പൗലൊസ് തന്നെയും തിമൊഥെയൊസിനേയും ഉദ്ദേശിച്ചാണോ പറയുന്നത്, അതോ പ്രസാദക ഭാഷയായിട്ടാണോ ഞങ്ങൾ എന്നു പറയുന്നത്? തീർച്ചയുള്ള ഉത്തരം സാധ്യമല്ലായിരിക്കാം. സ്വയമായി എഴുതുമ്പോൾ, ഒരു എഴുത്തുകാരൻ "ഈ രീതിയിലുള്ള ചിന്തയെ ഞങ്ങൾ എതിർക്കുന്നു" എന്നു പറയുന്നതുപോലെയായിരിക്കാം അവന്റെ പ്രയോഗ രീതി. അവിശ്വാസ ലോകത്തിന് യേശുവിനെ അവതരിപ്പിക്കുന്ന എല്ലാവരെയും തന്നെ*യും* ഉൾപ്പെടുത്തിയായിരിക്കാം അവൻ പറഞ്ഞത്. നേരെ മറിച്ച്, അടുത്ത വാക്യത്തിലെ "ഞാൻ" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് "ഞങ്ങൾ" എന്നെഴുതിയത് അവനെ ഉദ്ദേശിച്ചാണെന്ന് വരുന്നു.

പൗലൊസിന്റെ മുഖ്യ പ്രസംഗം ക്രിസ്തുവായിരുന്നു (1 കൊ. 2:1, 2), മറ്റുള്ളവരുടേയും പ്രസംഗം അതു തന്നെയായിരുന്നു (പ്രവൃ. 8:5, 35). അടിസ്ഥാന ഉപദേശമായ-ക്രിസ്തുവിന്റെ ക്രൂശ്-ലോകത്തുള്ളവർക്ക് ഭോഷത്വമായി തോന്നിയാലും (1 കൊ. 1:18), അത് ദൈവം വെളിപ്പെടുത്തിയ "ജ്ഞാനത്തിന്റെ" അടിസ്ഥാനത്തിലുള്ളതാണ് (*സോഫിയാ*; 1 കൊ. 1:24; കൂടാതെ കൊലൊ. 1:9 നോക്കുക).

1 തെസ്സ. 2:3-12 ൽ, മറ്റുള്ളവരെ ഉപദേശിക്കുമ്പോഴും, പ്രബോധിപ്പിക്കുമ്പോഴും, പൗലൊസ് തന്റെ വ്യക്തിപരമായ സമീപനം വെളിപ്പെടുത്തിയിരുന്നു. അവൻ വഞ്ചന ഉപയോഗിക്കുകയോ, മനുഷ്യരെ പ്രസാദിപ്പിക്കുകയോ, വൃഥാ പ്രശംസ നടത്തുകയോ, വെറും വാക്ക് പറയുകയോ ചെയ്തിരുന്നില്ല (വാ. 3-6). ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട്, ഒരു കുഞ്ഞിനെ പോറ്റുന്ന അമ്മയെ പോലെയും, സഹോദരന്മാരോട് കരുതലുള്ള ഒരു അപ്പനെപോലെയും ആയിരുന്നു, കാരണം അവർ അവന്നു പ്രിയപ്പെട്ടവരായിരുന്നു (വാ. 7-11). അവന്റെ വാൽസല്യപൂർവ്വമായ കരുതൽ നിമിത്തം ചിലപ്പോൾ അവൻ പ്രബോധിപ്പിക്കുമ്പോൾ കരഞ്ഞിരുന്നു (പ്രവൃ. 20:19, 31; 2 കൊ. 2:4; ഫിലി. 3:18).

**"ഏതു മനുഷ്യനേയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു" (1:28)**

സകല മനുഷ്യരും എന്നു പൗലൊസ് പറഞ്ഞ്, എല്ലാവരും സുവിശേഷം അനുസരിച്ചില്ലെങ്കിലും, സുവിശേഷത്തിന്റെ സർവ്വദേശീയ ആവശ്യകത വ്യക്തമാക്കുന്നു (റോമ. 10:16; 2 തെസ്സ. 1:8). "മനുഷ്യൻ" (*ആന്ത്രോപോസ്.* "മനുഷ്യർ") അർത്ഥം, സ്ത്രീകളും പുരുഷന്മാരും എന്നാണ്. പുരുഷന്മാരെ മാത്രമാണ് പൗലൊസ് ഉദ്ദേശിച്ചതെങ്കിൽ അവൻ *ആനെർ* എന്ന വാക്കായിരിക്കും ഉപയോഗിക്കുക, അർത്ഥം "പുരുഷൻ" എന്നാണ്, അത് 1 കൊരിന്ത്യർ 11:7-9 ൽ ഉപയോഗിച്ചിരിക്കുന്നു. സകല ജ്ഞാനത്തോടുംകൂടെ അവൻ സകല പുരുഷന്മാരെയും സ്ത്രീകളെയും ഉപദേശിച്ചിരുന്നു.

ക്രിസ്തുവിൽ എല്ലാ വ്യക്തികളും തികവുള്ളവരായി തീരേണ്ടതിന്റെ

ആവശ്യകത അവൻ തിരിച്ചറിഞ്ഞിരുന്നു. അവൻ സംബോധന ചെയ്തതിൽ വിശ്വാസികളുടെ ആവശ്യങ്ങൾ മാത്രമല്ല, അവിശ്വാസികളോടും അവൻ അങ്ങനെതന്നെ ഇടപെട്ടു. അവന് രണ്ടു കൂട്ടരോടും കടപ്പാടുണ്ടായിരുന്നു: "യവനന്മാർക്കും, ബർബ്ബരന്മാർക്കും, ജ്ഞാനികൾക്കും, ബുദ്ധിഹീനർക്കും ഞാൻ കടക്കാരനാകുന്നു" (റോമ. 1:14).

ദുരു**പദേശത്തെ** പിൻപറ്റുന്നതിനും, അനാത്മികതയിലും, ദുർന്നടപ്പിലും ജീവിക്കുന്നതിനെതിരെ മുന്നറിയിക്കുന്നതും **പ്രബോധനം** എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്നു. അവന്റെ ഉപദേശത്തിൽ ക്രിയാത്മകവും നിഷേധവുമായ വശങ്ങൾ അടങ്ങിയിരുന്നു കാരണം ക്രിസ്ത്യാനികൾ ശരിയായതു പ്രവർത്തിക്കുകയും, മോശമായവ ഒഴിവാക്കുകയും ചെയ്യണമായിരുന്നു. നീതിപൂർവ്വമായ ജീവിതത്തിനാണ് പ്രാധാന്യമെങ്കിലും, ദുഷ്ടത ഒഴിവാക്കുന്ന കാര്യത്തിൽ അവഗണനയും പാടില്ല.

"ചെയ്യരുത്" എന്നു പറയുന്നതിൽ യേശുവിന് യാതൊരു മടുപ്പുമില്ലായിരുന്നു. യേശു മലപ്രസംഗത്തിൽ തന്റെ ശ്രോതാക്കളോട് എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും വേർതിരിച്ചു പറഞ്ഞിരുന്നു (മത്താ. 5:34; 6:2, 3, 5, 16, 19, 25, 31, 34; 7:1, 6). ക്രിസ്ത്യാനിത്വമെന്നു പറയുന്നത് അധികവും ക്രിയാത്മകമാണെങ്കിലും, ബുദ്ധിഹീനമായ പ്രവൃത്തികൾക്കും, ദുഷ്പ്രവൃത്തികൾക്കും എതിരായി മുന്നറിയിപ്പുകളും നൽകുന്നതാണ്.

ദൈവത്തിന്റെ **ജ്ഞാനത്തിൽ** അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ് യേശുവിന്റെ ഉപദേശം. പൗലൊസ് അവതരിപ്പിച്ചത് ദൈവത്തിന്റെ ജ്ഞാനമാണ് (1 കൊ. 1:24, 30; 2:7), അല്ലാതെ ലോകജ്ഞാനത്തിലായിരുന്നില്ല (1 കൊ. 2:13). സങ്കേതിക സംസാരശൈലിയാലോ, അല്ലെങ്കിൽ മാനുഷ ജ്ഞാനത്തോലോ ആയിരുന്നില്ല, മറിച്ച് അവൻ അവതരിപ്പിച്ചത് ദൈവസന്ദേശമായിരുന്നു (1 കൊ. 2:1–5).

### "ഏതു മനുഷ്യനേയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു" (1:28)

പൗലൊസ് ഏകവചന ഒന്നാം വ്യക്തിയെ ഇവിടെ ബഹുവചന ഒന്നാം വ്യക്തി (**ഞങ്ങൾ**) എന്ന് ഉപയോഗിച്ചിരിക്കുന്നതു വീണ്ടും അടുത്ത വാക്യത്തിൽ ഏകവചന ഒന്നാം വ്യക്തിയായ ("ഞാൻ") എന്നത് തിരിച്ച് ഉപയോഗിച്ചിരിക്കുകയാണ്. പൗലൊസ് രണ്ടുവിധത്തിൽ ഉപദേശിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തത്, ക്രിസ്ത്യാനികൾ പക്വതയുള്ളവരും തികവുള്ളവരുമാകുവാൻ ആവശ്യമായിരുന്നു. ആളുകളെ ക്രിസ്തുവിലേക്ക് പ്രവേശിക്കുവാൻ പ്രചോദിപ്പിക്കുക എന്നതായിരിക്കണം ഒരു ഉപദേഷ്ടാവിന്റെ ലക്ഷ്യം (റോമ. 6:3; ഗലാ. 3:27), അവനിൽ വളർന്ന് പൂർണ്ണമാകുവാനുമാണ് ശ്രമിക്കേണ്ടത്. ഒരു പ്രാസംഗികൻ അല്ലെങ്കിൽ ഉപദേഷ്ടാവ് ഒരാളെ ക്രിസ്തുവിലേക്ക് കൊണ്ടുവരുന്നത് ആരംഭം മാത്രമേ ആകുന്നുള്ളു. വളർച്ച പുരോഗതി പ്രാപിച്ച് പക്വതയിലെത്തുക എന്നതായിരിക്കണം ക്രിസ്തുവിനെ അനുഗമിക്കുന്ന ഓരോ വ്യക്തിയുടേയും ലക്ഷ്യം (എഫെ. 4:11–13; എബ്രാ. 6:1).

**സകലമനുഷ്യരേയും ക്രിസ്തുവിൽ തികവുള്ളവരായി** നിറുത്തുന്നത് എപ്പോഴാണെന്നോ ആരുടെ മുമ്പിലാണെന്നോ പൗലൊസ് പറയുന്നില്ല. ഒരുപക്ഷെ ന്യായവിധിനാളിൽ എല്ലാവരും യേശുവിന്റെ സന്നിധിയിൽ നിൽക്കുന്നതിനെ ഉദ്ദേശിച്ചായിരിക്കാം പൗലൊസ് പറഞ്ഞത്. ആ സഹോദരന്മാരിലെല്ലാം

ക്രിസ്തീയ മനോഗുണങ്ങൾ വളർത്തിയാൽ ക്രിസ്തുവിന്റെ മടങ്ങിവരവിൽ സന്തോഷിപ്പാൻ കഴിയും എന്നായിരുന്നു പൗലൊസ് ആഗ്രഹിച്ചത് (1 തെസ്സ. 2:19, 20). ചിലർ നഷ്ടപ്പെടുന്നത് തിരഞ്ഞെടുക്കുമെങ്കിലും, പൗലൊസ് തന്റെ വേല തുടർന്നു ചെയ്തു പ്രതിഫലത്തിനായി പൗലൊസ് തീരുമാനിച്ചിരുന്നു (1 കൊ. 3:12-15), ആരും എല്ലാ ക്രിസതീയ മനോഗുണങ്ങളും പൂർണ്ണമായി വളർത്തിയെടുത്തിരുന്നില്ല.

"തികവുള്ളവരാകുക" എന്നതിന് വാക്യം 28 ൽ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *ടെലയിയോസ്*, 4:12 ലേതുപോലെ "പൂർണ്ണത" (*ടെലെയിയോയി*, അതേ മൂലവാക്കിൽനിന്നുള്ളതാണ്). മത്തായി 19:21 ൽ അത് "പൂർണ്ണൻ" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്, എന്നാൽ മറ്റൊരു ഭാഗത്ത് "പക്വത"[10] എന്നാണ്. മറ്റു വേദഭാഗങ്ങളിൽ, "പൂർണ്ണത" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്; എന്നാൽ "പക്വത" അല്ലെങ്കിൽ "തികവ്" ആണ് ശരിയായ തർജിമ. "പൂർണ്ണത" എന്ന തർജിമ തെറ്റിദ്ധരിക്കാവുന്നതാണ്. മനുഷ്യർക്ക് ദൈവത്തിന്റെ പൂർണ്ണത കൈവരിക്കുവാൻ കഴിയുകയില്ല (മത്താ. 5:48). അപൂർണ്ണതയും പൂർണ്ണതയും തമ്മിലുള്ള അന്തരം പൗലൊസ് വ്യക്തമാക്കുകയായിരുന്നു (1 കൊ. 13:10). ഏതെങ്കിലും ക്രിസ്ത്യാനി പൂർണ്ണനായിട്ടുണ്ട് എന്ന വിശ്വാസക്കാരനായിരുന്നില്ല പൗലൊസ് (ഫിലി. 3:15), അല്ലെങ്കിൽ ആരെങ്കിലും അങ്ങനെ പൂർണ്ണനാകുവാനും അവൻ പ്രതീക്ഷിച്ചിരുന്നില്ല (കൊലൊ. 4:12). ക്രിസ്ത്യാനികൾ പൂർണ്ണരാകുവാൻ യാക്കൊബും പ്രതീക്ഷിച്ചിരുന്നില്ല (യാക്കൊ. 1:4; 3:2). തീർച്ചയായും, മനുഷ്യരിൽ പൂർണ്ണമായ സ്നേഹം ഉണ്ടാകുവാൻ യോഹന്നാനും പ്രതീക്ഷിച്ചിരുന്നില്ല (1 യോഹ. 4:18).

ആത്മിക തികവിന്റേയും പക്വതയുടേയും അടിസ്ഥാനം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു വസിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് (വാ. 27). ആന്തരികമായി ക്രിസ്തുവിൽ വളർന്നുദൈവഭക്തിയിൽ ജീവിക്കത്തക്കവണ്ണം ആയി തീരുന്നതാണ് ആത്മികമായ വളർച്ച. നന്നായി വളർന്ന ക്രിസ്ത്യാനി യേശുവിന്റെ ഉപദേശമെന്ന ഒരുവശത്തിൽ ഉയർന്നിരിക്കും. എല്ലാ ഗുണങ്ങളിലും അവനു പൂർണ്ണത കൈവരിക്കുവാൻ സാധ്യമല്ലെങ്കിലും, ആത്മികമായും, ധാർമ്മികമായും, ഉപദേശപരമായും, സാമൂഹ്യപരമായും, ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ മേഖലയിലും, സേവനത്തിലും ആയിരിക്കുമ്പോഴാണ്, അയാൾ മുഴുവൻ-വളർന്നിരിക്കുന്നു എന്നു പറയുവാൻ കഴിയുകയുള്ളു.

### "അതിന്നായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അദ്ധ്വാനിക്കുന്നു" (1:29)

പൗലൊസിന്റെ പരിശ്രമത്തിനു ഒരു ഉദ്ദേശം ഉണ്ടായിരുന്നു. പിന്നീട് അവർ അപക്വതയുള്ളവർ ആകാതിരിക്കുവാൻ ആളുകളെ പരിവർത്തനം ചെയ്തു ക്രിസ്തുവിനെ പോലെ ആക്കുവാനായിരുന്നു പൗലൊസിന്റെ പരിശ്രമം (എഫെ. 4:13-15).

**അദ്ധ്വാനം** എന്നതുകൊണ്ട് പൗലൊസ് അർത്ഥമാക്കിയത്, താൻ യേശുവിനെ സേവിക്കുന്നത് ഒരു അദ്ധ്വാനമായിരുന്നു എന്നാണ്. **പോരാടലിൽ** (*ആഗണിസോമെനസ്*) വേദനയും ദുഃഖവും നിറഞ്ഞ പരിശ്രമത്തെയാണ് കാണിക്കുന്നത്. പൗലൊസ് പറയുന്നത്, അക്ഷരികമായ പോരാട്ടത്തെയാണ് (യോഹ. 18:36), ആലങ്കാരികമായി പറഞ്ഞാൽ, ഒരു കായിക മൽസരം പോ

ലെയാണ് (1 കൊ. 9:25) ക്രിസ്തീയ ജീവിതം എന്നു പറയുന്നത് (1 തിമൊ. 6:12; 2 തിമൊ. 4:7).

കൂടുതൽ അക്ഷരികമായ തർജിമ ഇങ്ങനെ വായിക്കാം, "... അവന്റെ ഊർജ്ജവും ശക്തിയുമാണ് എന്നെ പോരാടുവാൻ ഊർജ്ജസ്വലതയുള്ളവനാക്കിയത്" **ബലം** എന്ന നാമം (*എനെർജെയിയ*, "ഊർജ്ജം") **വ്യാപാരശക്തി** (*എനെർജൗമെനൻ*, "ഊർജ്ജസ്വലരാക്കൽ") ഒരുപക്ഷെ മനഃപ്പൂർവ്വമായ വാക്കുകളാലുള്ള പന്താടലായിരിക്കാം. പൗലൊസിൽ പ്രവർത്തിക്കുന്ന ഊർജത്തെയും ശക്തിയെയുമായിരിക്കാം ആ രണ്ട് ഉപയോഗങ്ങളിലും ഊന്നി പറഞ്ഞിരിക്കുന്നത്. പൗലൊസിൽ വ്യാപരിച്ച ബലം യേശുവിൽനിന്നായിരുന്നു, അവനാണ് പരിശുദ്ധാത്മാവിനാൽ എല്ലാ ക്രിസ്ത്യാനികളെയും ആത്മികമായി ശക്തിപ്പെടുത്തുന്നത് (എഫെ. 3:16).

**ശക്തി** എന്ന് തർജിമ ചെയ്ത ഗ്രീക്ക് വാക്കാണ് *ഡുനാമിസ്*. പൗലൊസിനും മറ്റു അപ്പൊസ്തലന്മാർക്ക് ലഭിച്ചതുപോലെ മനുഷ്യരാലായിരുന്നില്ല പരിശുദ്ധാത്മസ്നാനം ലഭിച്ചത്. അത് അവനെ അത്ഭുതങ്ങൾ ചെയ്യുവാൻ പ്രാപ്തമാക്കി (2 കൊ. 12:12). പ്രവൃത്തികൾ 1:8 ൽ മറ്റു അപ്പൊസ്തലന്മാർക്ക് യേശു വാഗ്ദാനം ചെയ്ത അതേ ശക്തി തന്നെയാണ് പൗലൊസിനും ലഭിച്ചത്. ആ "ശക്തി" എന്നു പറയുന്നത്, ആത്മികമായിരിക്കുന്നതുപോലെ ഭൗതികവുമായിരിക്കാം എന്ന് ധരിക്കരുത്. പൗലൊസിന്റെ പുറമെയുള്ള ശരീരം ക്ഷയിച്ചുകൊണ്ടാണിരുന്നത്, എന്നാൽ അവന്റെ ആന്തരികമായ വ്യക്തിത്വം ദിവസേന പുതുക്കിക്കൊണ്ടിരുന്നു (2 കൊ. 4:16).

## പ്രായോഗികത

### മനസുള്ള ഭൃത്യന്മാർ

ക്രിസ്തുവിന്റെ വലിയ ദാസനാകുവാനുള്ള പൗലൊസിന്റെ സമർപ്പണത്തെ നമുക്ക് നല്ല മാതൃകയായി അവൻ കാണിക്കയുണ്ടായി. അവനെ അനുകരിക്കുവാനും നമ്മോട് അവൻ പറഞ്ഞിരിക്കുന്നു (1 കൊ. 4:16; ഫിലി. 3:17), അവൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കയാൽ എന്നും പറയുന്നു (1 കൊ. 11:1). ഫിലിപ്പിയരെ അവൻ പ്രബോധിപ്പിച്ചു, "എന്നോട് പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടും ഉള്ളത് പ്രവർത്തിപ്പിൻ എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും" (ഫിലി. 4:9). എല്ലാവരേയും ക്രിസ്തുവിൽ തികവുള്ളവരായി നിറുത്തുവാന്തക്കവണം സഭയുടെ ശുശ്രൂഷകരായി പ്രവർത്തിച്ച് നമുക്ക് പൗലൊസിനെ അനുകരിക്കാം.

*ക്രിസ്തുവിനു വേണ്ടി പ്രയാസങ്ങൾ സഹിക്കുവാൻ നമുക്ക് മനസുണ്ടാകണം.* യേശു അനന്യാസിന് പ്രത്യക്ഷനായപ്പോൾ, തന്റെ നാമത്തിനു വേണ്ടി പൗലൊസ് എന്തെല്ലാം കഷ്ടങ്ങൾ അനുഭവിക്കേണ്ടതാകുന്നു എന്നു പറഞ്ഞിരുന്നു (പ്രവൃ. 9:16). ഒരു ക്രിസ്തുവിന്റെ ദാസൻ എന്ന നിലയിൽ, തന്റെ ശുശ്രൂഷ ആരംഭിച്ചതുമുതൽ, പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമെന്ന് പൗലൊസിന് അറിയാമായിരുന്നു. എന്നിരുന്നാലും, അവനെ ഒരു അപ്പൊസ്തലൻ ആകുവാൻ വിളിക്കപ്പെട്ടതുമുതൽ, അവൻ യേശുവിനെ തുടർച്ചയായി അനുസരിച്ചിരുന്നു (പ്രവൃ. 26:19; ഗലാ. 1:1).

സുവിശേഷം പ്രസംഗിക്കുമ്പോൾ നേരിട്ട ചില പ്രയാസങ്ങൾ പൗലൊസ് പറഞ്ഞിട്ടുണ്ട് (2 കൊ. 6:4–10; 11:23–28). ആ പ്രയാസ ഘട്ടങ്ങളിൽ, അവന്

ആന്തരികമായ സംഘർഷങ്ങളും, നിരാശയും, ദുഃഖവും, അനേക സഭകളെ കുറിച്ചുള്ള വിചാരവും ഉണ്ടായിരുന്നു. "ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടുംകൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു" എന്നു പൗലൊസ് കൊരിന്ത്യർക്ക് എഴുതിയപ്പോൾ, അവൻ നേരിട്ട സംഘർഷത്തെയാണ് അവർക്ക് വെളിപ്പെടുത്തി കൊടുത്തത് (1 കൊ. 2:3). പൗലൊസിന്റെ ആകുലത തിരിച്ചറിഞ്ഞ്, അവൻ കൊരിന്തിലായിരുന്നപ്പോൾ, യേശു അവനു പ്രത്യക്ഷനായി ധൈര്യപ്പെടുത്തി (പ്രവൃ. 18:9, 10). അവൻ രാത്രിയും പകലും അദ്ധ്വാനിച്ചിരുന്നു (1 തെസ്സ. 2:9), അത് മറ്റുള്ളവർക്ക് ഭാരമാകാതിരിപ്പാനായിരുന്നു. നാം പൗലൊസിന്റെ മാതൃക പിൻപറ്റിയാൽ, നാം "ഇളകാത്തവരും, കുലുങ്ങാത്തവരും, കർത്താവിന്റെ വേലയിൽ മുതിർന്നുവരുന്നവരും ആകും" (1 കൊ. 15:58).

ക്രിസ്തുവിന്റെ ത്യാഗവും സ്നേഹവുമാണ് അവനു വേണ്ടി ജീവിപ്പാൻ പൗലൊസിനെ പ്രേരിപ്പിച്ചത് (ഗലാ. 2:20). സുവിശേഷം എല്ലായിടത്തും എല്ലാവരോടും ആവോളം അറിയിക്കുക എന്നതായിരുന്നു പൗലൊസിന്റെ ലക്ഷ്യം, അതുകൊണ്ട് അവൻ അത് ഒരു കടമായി കരുതിയിരുന്നു. അവൻ എഴുതി, "യവനന്മാർക്കും ബർബ്ബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു. അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു" (റോമ. 1:14, 15).

കടപ്പാടും കടമയും ക്രിസ്ത്യാനികൾക്ക് നിഷേധമായ വാക്കുകളല്ല. യേശു വന്നത് തന്റെ സ്വന്ത ഇഷ്ടം നിർവ്വഹിപ്പാനല്ല, പിതാവായ ദൈവത്തിന്റെ ഇഷ്ടം ചെയ്‌വാനാണെന്നു പറയുമ്പോൾ, യേശു ദൈവേഷ്ടം നിർവ്വഹിപ്പാൻ കടപ്പെട്ടിരുന്നു എന്നു വ്യക്തം (യോഹ. 4:34; 5:30; 6:38). ക്രിസ്തുവിനെ സേവിക്കുക എന്നത് തന്റെ കടമയാണെന്ന് പൗലൊസ് വിശ്വസിച്ചിരുന്നു (റോമ. 1:14; 1 കൊ. 9:16). ഒരു ദാസൻ വയലിൽ വേല ചെയ്തു വീട്ടിലെത്തിയ ശേഷവും യജമാനനുവേണ്ടി കാത്തിരിക്കണം എന്ന ഒരു ഉപമ യേശു പഠിപ്പിച്ചിരുന്നു. ആ ഉപമയുടെ ഉപസംഹാരത്തിൽ യേശു ഇപ്രകാരം പറയുന്നു, "അവ്വണ്ണം നിങ്ങളോട് കൽപിച്ചത് ഒക്കെയും ചെയ്ത ശേഷം ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ, ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവിൻ" (ലൂക്കൊ. 17:10; "ഞങ്ങളുടെ കടമ" എന്നാണ് എൻകെജെവിയിൽ). യേശു നമ്മോട് ചെയ്യുവാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ക്രിസ്തീയ സേവനത്തിൽ നാം ഗൗരവമായി എടുക്കണം.

*സഭയുടെ സേവനത്തിനായി നാം നമ്മെത്തന്നെ ഏൽപിച്ചു കൊടുക്കണം.* അന്യോന്യം സേവിക്കുക എന്നതാണ് ക്രിസ്തീയ സേവനത്തിലെ മുഖ്യഭാഗം (ഗലാ. 5:13; 1 പത്രൊ. 4:10). തന്റെ സഹക്രിസ്ത്യാനികൾക്കു വേണ്ടി പൗലൊസ് സന്തോഷത്തോടെ സ്വയമായി ഏൽപിച്ചു കൊടുത്തു. "എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടിവന്നാലും, ഞാൻ സന്തോഷിക്കും; നിങ്ങളോട് എല്ലാവരോടുംകൂടെ സന്തോഷിക്കും" (ഫിലി. 2:17). ഈ വിധത്തിലാണ് സഭക്ക് വേണ്ട ക്രിസ്തുവിന്റെ കഷ്ടതകൾ പൗലൊസ് പൂരിപ്പിക്കുവാൻ ശ്രമിച്ചത് (വാ. 24).

താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ നമ്മോട് നിർദ്ദേശിച്ചിരിക്കുന്നു:

- ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ (റോമ. 12:10).

- അന്യോന്യം കരുതലുള്ളവരാകണം (1 കൊ. 12:25).
- അന്യോന്യം പ്രബോധിപ്പിക്കുക (കൊലൊ. 3:16).
- അന്യോന്യം ആശ്വസിപ്പിക്കുക (1 തെസ്സ. 4:18).
- അന്യോന്യം പണിയുക (1 തെസ്സ. 5:11).
- അന്യോന്യം സമാധാനത്തിൽ കഴിയുക (1 തെസ്സ. 5:13).
- അന്യോന്യം ഉത്തേജിപ്പിക്കുക (എബ്രാ. 3:13).
- സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉൽസാഹം വർദ്ധിപ്പിക്കുക (എബ്രാ. 10:24).
- അന്യോന്യം പ്രാർത്ഥിക്കുക (യാക്കൊ. 5:16).
- സഹോദരങ്ങൾക്ക് വേണ്ടി പ്രാണനെ വെച്ചുകൊൾക (1 യോഹ. 3:16).
- അന്യോന്യം സ്നേഹിക്കുക (1 യോഹ. 4:7).

ക്രിസ്ത്യാനികൾക്ക് മറ്റു ക്രിസ്ത്യാനികളോട് ഉത്തരവാദിത്തമുണ്ട്. "എനിക്കു വേണ്ടി സഭ എന്തു ചെയ്യും?" എന്നായിരിക്കരുത് ചോദ്യം. പല ക്രിസ്ത്യാനികൾക്കും ഈ ഒരു മനോഭാവമാണുള്ളത്. "മറ്റുള്ളവർക്ക് വേണ്ടി ഞാൻ എന്താണ് ചെയ്യേണ്ടത്?" എന്നതായിരിക്കണം നമ്മുടെ ചോദ്യം. യേശുവിന്റെ മനോഭാവം അതായിരുന്നു. "നാം ഓരോരുത്തരും നമ്മുടെ കൂട്ടുകാരന്റെ നന്മക്കു വേണ്ടി, അയാളുടെ ആത്മിക വർദ്ധനവിനു വേണ്ടി അവനെ പ്രസാദിപ്പിക്കണം. കാരണം ക്രിസ്തു തന്നെത്തന്നെ പ്രസാദിപ്പിച്ചില്ല; എന്നാൽ എഴുതിയിരിക്കുന്നതുപോലെ, 'നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു' " (റോമ. 15:2, 3).

തന്റെ അനുയായികളിൽ ഏറ്റവും വലിയവൻ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവനാണ് എന്നു യേശു പറഞ്ഞു (മത്താ. 20:26; 23:11). എല്ലാ ക്രിസ്ത്യാനികളും ക്രിസ്തു ചെയ്തതുപോലെ തന്നെത്താൻ താഴ്ത്തിയാൽ നമുക്ക് മറ്റുള്ളവരെ സേവിക്കുവാൻ കഴിയും (ഫിലി. 2:6-8). യേശുവിന്റെ മതം സേവനത്തിന്റേതാണ്.

*എല്ലാവരെയും ക്രിസ്തുവിൽ തികഞ്ഞവരായിത്തീരുവാനാണ് നാം വേല ചെയ്യേണ്ടത്.* എല്ലാവരിലും നല്ല ഗുണങ്ങളുണ്ട്, അതുപോലെ എല്ലാവരിലും ബലഹീനതകളും ഉണ്ട്. യേശുവിനെ ചുറ്റി-പ്പറ്റി അവനു വേണ്ടി ജീവിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ക്രിസ്ത്യാനികൾ "സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് വേണം" നടക്കുവാൻ (എബ്രാ. 12:1). നാം അപക്വമായ ശിശുക്കൾ ആയിരിക്കരുത്, ആദ്യപാഠങ്ങൾ വിട്ട് ക്രിസ്തുവിൽ തികവുള്ളവരാകുവാൻ ശ്രമിക്കണം (എബ്രാ. 5:12-6:1).

കൊലൊസ്യർ 1:28 ലെ "തികവുള്ളവർ" *ടെലെയിയോസ്* എന്ന ഗ്രീക്ക് വാക്ക് എഫെസ്യർ 4:13 ൽ തർജിമ ചെയ്തിരിക്കുന്നതാണ് "പക്വത." ആ വാക്ക് "പൂർണ്ണത" എന്നും തർജിമ ചെയ്തിട്ടുണ്ട് (കെജെവി; എൻകെജെവി). എല്ലാ ക്രിസ്ത്യാനികളും തികവുള്ളവരാകുവാനാണ് പൗലൊസ് ആഗ്രഹിച്ചത്, അർത്ഥം അവരെല്ലാം യേശുവിന്റെ പക്വതയുള്ള സ്വഭാവത്തിലേക്ക് ഉയരണമെന്നർത്ഥം (എഫെ. 4:13). നാം എല്ലാ ക്രിസ്തീയ മനോഗുണങ്ങളും നമ്മിൽ വളർത്തിയെടുത്ത് മറ്റുള്ളവരെ സഹായിക്കുവാൻ ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ ഒരുങ്ങണം (ഗലാ. 5:22, 23; 2 പത്രൊ. 1:5-7). ആ രീതിയിൽ നമുക്ക് ക്രിസ്തുവിൽ തികഞ്ഞവരായി തീരാം.

നമ്മുടെ ജീവിതത്തിൽ ക്രിസ്തീയ ഗുണങ്ങൾ വളർത്തിയെടുക്കുവാനായി സമർപ്പിക്കുന്നതിനു നാം അന്യോന്യം പ്രോൽസാഹിപ്പിക്കണം. അതിൽ പാപമുള്ളവരെ ശാസിക്കുന്നതും നമ്മുടെ യേശുവിനോടുള്ള സേവനം ഏറ്റവും നന്നായി മറ്റുള്ളവർക്ക് ചെയ്തു നാം എല്ലാവരെയും ഉത്തേജിപ്പിക്കണം.

**കഷ്ടത അനുഭവപ്പെട്ടാലും സേവിക്കണം (1:24–26)**

പൗലൊസിന്റെ മനസിൽ ആദ്യം വരുന്നത് ക്രിസ്തുവും അവന്റെ സഭയുമാണ്, അവൻ തന്നെത്തന്നെ സ്വയമായി അതിനായി സമർപ്പിച്ചിരുന്നു. ത്യാഗമായി തീരേണ്ടിവന്നാലും, അവൻ യേശുവിനെ സേവിക്കുന്നതായിരുന്നു തിരഞ്ഞെടുത്തത്. പൗലൊസ് ക്രിസ്ത്യാനികൾക്ക് ഒരു മാതൃകയാണ് (1 കൊ. 11:1). അവന്റെ വാക്കുകളിൽനിന്നും ജീവിതത്തിൽനിന്നും നമുക്ക് എന്താണ് പഠിക്കുവാൻ കഴിയുന്നത്?

ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പൗലൊസ് പങ്കാളിയായിരുന്നു (വാ. 24). ക്രിസ്ത്യാനികൾക്ക് ഉപദ്രവങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യം യേശു വാഗ്ദാനം ചെയ്തിട്ടില്ല. മറിച്ച്, തനിക്കായി ജീവിക്കുന്നവർക്ക് ഉപദ്രവം ഉണ്ടാകും എന്നാണ് യേശു പറഞ്ഞിരുന്നത് (2 തിമൊ. 3:12). ആകയാൽ നമുക്കെതിരായുള്ള എതിർപ്പ് നമുക്ക് പ്രതീക്ഷിക്കാം (1 പത്രൊ. 4:12). അത്തരം സന്ദർഭങ്ങളിൽ നാം ശപിക്കാതെ, അനുഗ്രഹിക്കയും, നമ്മെ ഉപദ്രവിക്കുന്നവർക്കായി പ്രാർത്ഥിക്കയും വേണം (മത്താ. 5:44; റോമ. 12:14). കഷ്ടത ക്ഷമയോടെ സഹിക്കുന്നതിനുള്ള മാതൃകയാണ് യേശു (1 പത്രൊ. 2:21).

ക്രിസ്തുവിനെ പോലെ, പൗലൊസ്, ക്രിസ്തുവിന്റെ ശരീരമായ സഭക്ക് വേണ്ടി, മനസോടെ കഷ്ടപ്പെടുവാൻ തയ്യാറായിരുന്നു (വാ. 24). ക്രിസ്ത്യാനികളായ നാം സഭയെ നമ്മുടെ മനസിൽ ഏറ്റവും ഉയർന്നതായി കാണണം. അതിൽ പ്രാർത്ഥനയും, ഉപദേശിക്കുവാനുള്ള പരിശ്രമവും, പണത്തെ ഉപയോഗിക്കുന്നതും, ജീവിത രീതിയും ഉൾപ്പെടുന്നു. സഭക്ക് യാതൊരു വിധത്തിലും നിന്ദ ഉണ്ടാകുന്ന വിധത്തിൽ ക്രിസ്ത്യാനികൾ ജീവിക്കരുത്. ക്രിസ്തു തന്നെത്താൻ ഏൽപിച്ചു കൊടുത്തതുപോലെ, നാമും നമ്മെ അവന്റെ സഭക്ക് ഏൽപിച്ചു കൊടുക്കേണ്ടതാകുന്നു (എഫെ. 5:25; 1 യോഹ. 3:16).

കാര്യവിചാരണയുടെ ഭാഗമായിട്ടാണ് പൗലൊസ് കഷ്ടതയെ കണ്ടത് (വാ. 25). താൻ യേശുവിനു വേണ്ടിയാണ് പ്രവർത്തിക്കുന്നത് എന്ന് പൗലൊസ് തിരിച്ചറിഞ്ഞിരുന്നു. ആ കാര്യവിചാരണക്കായിട്ടാണ് തന്റെ സമയവും, സമ്പാദ്യങ്ങളും, കഴിവുകളും ഉപയോഗിച്ചത്. ക്രിസ്ത്യാനികൾ അങ്ങനെ ചിന്തിക്കുവാൻ ശീലിക്കണം. നമ്മുടെ വീടുകൾ, ബാങ്ക് എക്കൗണ്ടുകൾ, സമ്പാദ്യങ്ങൾ എല്ലാം യേശുവിന്റേതാണ്. നാമും നമുക്കുള്ളതുമെല്ലാം അവന്റേതാണ്. നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾ, നമ്മുടെ കഴിവിന്റെ പരമാവധി യേശുവിനായി ഉപയോഗിക്കുക.

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരസമയത്ത് കൊടുക്കേണ്ടതു കൊടുത്തുകഴിഞ്ഞാൽ ശേഷമുള്ള പണമെല്ലാം തങ്ങളുടെ ഇഷ്ടം പോലെ ചെലവഴിക്കാം എന്നാണ് ചില ക്രിസ്ത്യാനികൾ ചിന്തിക്കുന്നത്. നാം ധർമ്മശേഖരത്തിൽ കൊടുക്കുന്നതു മാത്രമല്ല ദൈവം നോക്കുന്നത്, നമുക്കുള്ളത് നാം എങ്ങനെ ഉപയോഗിക്കുമെന്നും അവൻ പരിശോധിക്കും.

**മറ്റുള്ളവരെ രക്ഷയിലേക്കു നയിക്കൽ (1:26–28)**

ഒരു മർമ്മം വെളിപ്പെടുത്തുവാനായിരുന്നു പൗലൊസിന്റെ അദ്ധ്വാനം (വാ. 26, 27). പഴയ നിയമകാലത്ത് ദൈവത്തിന്റെ രക്ഷാപദ്ധതി അവർക്ക് അജ്ഞാതമായിരുന്നു. പുതിയനിയമം വെളിപ്പെടുത്തുന്നതുവരെ അത് മർമ്മമായി തന്നെ ഇരുന്നു (എഫെ. 3:3–5). രക്ഷിക്കപ്പെടുവാനും അങ്ങനെ അവരെല്ലാം ഒന്നായിത്തീരുവാനുമുള്ള ദൈവത്തിന്റെ പദ്ധതി മറ്റുള്ളവർക്ക് മനസിലാക്കുവാൻ സഹായിക്കുകയായിരുന്നു പൗലൊസിന്റെ പ്രവൃത്തി. എല്ലാ ക്രിസ്ത്യാനികളുടേയും ലക്ഷ്യം അതായിരിക്കണം. ഇന്നും അവരുടെ രക്ഷക്ക് ആവശ്യമായത് എന്താണെന്ന് അറിഞ്ഞുകൂടാത്തവർക്ക് അത് ഒരു മർമ്മം തന്നെയാണ്.

അതിനു പുറമെ, മറ്റുള്ളവരെ ക്രിസ്തുവിൽ തികഞ്ഞവരാക്കുക എന്നതായിരുന്നു പൗലൊസിന്റെ മറ്റൊരു ലക്ഷ്യം (വാ. 28). ആളുകൾ ക്രിസ്തീയ ജീവിതം ആരംഭിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല പൗലൊസിന്റെ ദൗത്യം, അവരെ പക്വതയുള്ള ക്രിസ്ത്യാനികളാകുവാനും, ക്രിസ്തുവിന്റെ വിശ്വസ്തതയുള്ള അനുയായികളായി നിലനിൽക്കുവാനും അവരെ അവൻ സഹായിച്ചിരുന്നു. മറ്റുള്ളവരെ ക്രിസ്തുവിനെപോലെ വളരുവാൻ സഹായിക്കുക എന്നതാണ് ക്രിസ്ത്യാനികളുടെ ദൗത്യം. അത് പ്രത്യേകിച്ച് കർത്താവിന്റെ സഭയിലെ മൂപ്പന്മാർക്കുള്ള കടമയാണ്. വിശുദ്ധന്മാരെ പക്വതയിലെത്തുവാൻ അവരെ സഹായിക്കണം (എഫെ. 4:11–13). അവന്റേതുപോലെയുള്ള ആത്മിക ഗുണങ്ങൾ വളർത്തി ക്രിസ്തുവിനു വേണ്ടി തികവുള്ളവരാകുവാൻ പരിശ്രമിക്കുക.

**മറ്റുള്ളവരെ സേവിക്കൽ (1:29)**

ക്രിസ്തുവിനെ സേവിക്കുന്നതിൽ മറ്റുള്ളവരെ സേവിക്കുന്നതും ഉൾപ്പെടും, യേശുവും പൗലൊസും മറ്റുള്ളവരെ സേവിച്ചിരുന്നു. അവസാനത്തെ അത്താഴശേഷം കർത്താവിന്റെ ശിഷ്യന്മാർ, അവരിൽ ആരായിരിക്കും വലിയവൻ എന്ന് വാദിക്കുകയുണ്ടായി (ലൂക്കൊ. 22:24–27). അവരിൽ ആരാണ് വലിയവൻ എന്നു കാണിക്കുവാൻ യേശു ഒരു മാതൃക അവരെ പഠിപ്പിച്ചു (യോഹ. 13:1–15). ഒരു ദാസന്റെ പ്രവൃത്തി ചെയ്യുവാൻ അവൻ തന്നെത്താൻ താഴ്ത്തി, അവൻ അപ്പൊസ്തലന്മാരുടെ കാലുകൾ കഴുകി. ഏകമനസിൽ യേശുവിനേയും മറ്റുള്ളവരേയും ശുശ്രൂഷിക്കുന്നവനാണ് യേശുവിന്റെ ഏറ്റവും വലിയ ശിഷ്യൻ.

തന്റെ പരിശ്രമങ്ങളെ കുറിച്ച് പൗലൊസ് വിവരിച്ചു (വാ. 29). അവൻ മറ്റുള്ളവരേക്കാളധികം അദ്ധ്വാനിക്കുകയും കഷ്ടത ഏൽക്കുകയും ചെയ്തു (1 കൊ. 15:10; 2 കൊ. 11:23–28). വരുവാനുള്ള ന്യായവിധി നിമിത്തവും, കർത്താവിലുള്ള ഭയവും, സ്നേഹവും നിമിത്തവും, യേശു അവനു വേണ്ടിയുമാണ് മരിച്ചതെന്നതിനാലും, ക്രിസ്തുവിനെ പ്രസാദിപ്പിക്കുക എന്നതായിരുന്നു അവന്റെ ആഗ്രഹം (2 കൊ. 5:14, 15; ഗലാ. 2:20). പൗലൊസ് ചെയ്ത സേവനങ്ങളെ പരിശോധിക്കുമ്പോൾ, എന്തിനു വേണ്ടി അവൻ സമർപ്പിക്കപ്പെട്ടു എന്നു മനസിലാക്കി, ഓരോ ക്രിസ്ത്യാനിയും ആ പ്രത്യേക സേവനം നടത്തുവാൻ പ്രചോദിതരാകും (റോമ. 12:6–8).

**ദൈവശക്തിയാൽ ശുശ്രൂഷിക്കൽ (1:29)**

ദൈവം പൗലൊസിൽ കൂടെ പ്രവർത്തിക്കുകയായിരുന്നു (വാ. 29). എല്ലാ പ്രവൃത്തികളും ദൈവം ചെയ്യുകയാണെങ്കിൽ മനുഷ്യ ഏജൻസികളുടെ ആവശ്യമില്ലല്ലൊ. എങ്ങനെയായാലും, ദൈവം ക്രിസ്ത്യാനികളുടെ കൈകളിലാണ് സുവിശേഷം ഏൽപിച്ചിരിക്കുന്നത് (2 കൊ. 4:7). അവന്റെ ഉപകരണങ്ങളായ നമ്മിൽ കൂടെയാണ് വചനം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതും അവൻ ശുശ്രൂഷിക്കുന്നതും (1 കൊ. 3:5–9). ലോകം മുഴുവൻ തന്റെ സന്ദേശം എത്തിക്കുവാനുള്ള ആജ്ഞ അവൻ നൽകിയിരിക്കുന്നത് ക്രിസ്ത്യാനികളോടാണ് (മത്താ. 28:19; മർ. 16:15, 16). സ്വമനസാലെ അവനെ അനുസരിക്കുന്നവരെ അവൻ ശക്തീകരിക്കും (ഫിലി. 4:13). യേശുവിനെ സേവിക്കുവാനായി ഓരോ അവസരവും ക്രിസ്ത്യാനികൾ ഗൗരവമായി എടുക്കണം. കാണാതെ പോയവരെ തിരഞ്ഞു രക്ഷിക്കുക എന്ന മഹത്തായ പ്രവൃത്തി പൂർത്തിയാക്കുവാൻ, യേശു വിട്ടിട്ടുപോയിരിക്കുന്നത് അവന്റെ അനുയായികളിലാണ്.

---

കുറിപ്പുകൾ

[1]വില്യം ഹെൻഡ്രിക്സൺ, *എക്സ്പോസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ന്യു ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1964), 86. [2]എച്ച്. സി. ജി. മൗൾ, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്ക്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രിഡ്ജ്: യൂണിവേഴ്സിറ്റി പ്രസ്, 1893; റീപ്രിന്റ് 1902), 90. [3]എഡ്വേർഡ് സ്ക്വെയിസർ, *ദ ലെറ്റർ ടു ദ കൊലൊഷ്യൻസ്: ഏ കമെന്ററി*, ട്രാൻസ്. ആൻഡ്രു ചെസ്റ്റർ (സോറിച്ച്: ബെൻസിഗർ വെർലാഗ്, 1976; റീപ്രിന്റ്, മിന്നപൊലിസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1982), 105–6. [4]വാൾട്ടെർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ്. എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 230. [5]നോക്കുക, റോമ. 1:1; 1 കൊ. 1:1; 2 കൊ. 1:1; ഗലാ. 1:1; കൊലൊ. 1:1; 1 തിമൊ. 1:1; 2 തിമൊ. 1:1. [6]നോക്കുക, പ്രവൃ. 13:46; 14:25; 15:35, 36; 16:32; 17:13; 18:5, 11; 1 കൊ. 15:2; ഫിലി 1:14; 1 തെസ്സ. 2:13. [7]ജെ. ബി. ലൈറ്റ്ഫുട്ട്, *സെന്റ് പോൾസ് എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ*, റെവ. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1916), 166. [8]നോക്കുക, റോമ. 11:25; 16:25; 1 കൊ. 2:7; 4:1; എഫെ. 1:9; 3:3–11; കൊലൊ. 1:27; 4:3. [9]നോക്കുക, ഉല്. 22:18; 26:4; 28:14; 49:10; സങ്കീ. 72:8; യെശ. 2:2, 3; 54:2, 3; 60:1–3; മീഖാ. 4:1, 2; മലാ. 1:11. [10]ആ വാക്ക് "പക്വത" എന്ന് തർജിമ ചെയ്തിരിക്കുന്നത് 1 കൊരിന്ത്യർ 2:6; 14:20; എഫെസ്യർ 4:13; എബ്രായർ 5:14 എന്നിവയാണ്. അത് "തികഞ്ഞ" എന്ന അർത്ഥത്തിൽ തർജിമ ചെയ്തിരിക്കുന്നത് മത്തായി 5:48; റോമർ 12:2; 1 കൊരിന്ത്യർ 13:10; ഫിലിപ്പിയർ 3:15; കൊലൊസ്യർ 4:12; എബ്രായർ 9:11; യാക്കൊബ് 1:4, 17, 25; 3:2; 1 യോഹന്നാൻ 4:18 എന്നിവയാണ്.